മിസ്റ്റർ എം. കെ. തോമക്കുട്ടി: വിദ്യാർത്ഥികൾ നിരാഹാരവ്രതമവസാനിപ്പിച്ചതു് അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചതിനുശേഷമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഗവൺമെണ്ടിനറിവില്ല. അതു അവരോടുതന്നെ ചോദിച്ചാലെ അറിയുവാൻ സാധിക്കുകയുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു അവസാനിപ്പിക്കാൻ ഗവൺമെണ്ടിടപെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിദ്യാർത്ഥികളാണു ഇതിനപേക്ഷിയ്ക്കേണ്ടതു്. മദ്രാസ്സ്യൂണിഴേവ്സിറ്റിയുമായിയ്ക്കേണ്ട വിഷയമാണിതു് ഇതു ഗവൺമെണ്ടു പ്രസ്സനോട്ടവഴിയും മറ്റും വിശദീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവൺമെണ്ടിന്റെ അറിവോടുകൂടി പ്രജാമണ്ഡലംപാർട്ടിയിൽനിന്നു മിസ്റ്റർ കെ. പി. മാധവൻനായരും പ്രജാമണ്ഡലം കൌൺസിൽപാർട്ടി ഡപ്യൂട്ടിലീഡർ മിസ്റ്റർ പുത്തൂർ അച്യുതമേനവനുംകൂടി ഒരു കരാർ കൊടുത്തുവെന്നു പറഞ്ഞു കേൾക്കുന്നതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമോനോൻ: അല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവർ എന്തെങ്കിലും മദ്ധ്യസ്ഥതപറഞ്ഞിട്ടുണ്ടോ?

മസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ ചില ഉപദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi)*: We want to know whether that is a fact or not.

Mr. P. Govinda Menon *(Prime Minister)*: No. It is not a fact.

Mr. K. Balakrishna Menon *(Cheruthuruthi)*: That is to say that Mr. Achyuta Menon and Mr. Madhavan Nayar have not undertaken. Has it come to the knowledge of the Government, Sir, what are the terms thereof?

Mr. P. Govinda Menon *(Prime Minister)*: No, Sir.

15. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ആഗസ്റ്റ് ൧൪-ം, ൧൫-ം തിയ്യതികളിൽ മഹാരാജാസ് കോളേജിലുണ്ടായ കുഴപ്പങ്ങളും ബഹളങ്ങളും ബഹിഷ്കരണങ്ങളും സംബന്ധിച്ചു ഗവൺമെണ്ടു കോളേജു പ്രിൻസിപ്പാളിനു് അയച്ചിട്ടുള്ള കല്പനകളും അനുബന്ധമായി ചേർക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

പോലീസ് അന്വേഷണത്തിലിരിക്കുന്ന പല സംഗതികളും ഉള്ളതിനാൽ അതിനു നിവർത്തിയില്ല.

16. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിൽ നാട്ടിയിരുന്ന കൊച്ചിപതാക കുറെ വിദ്യാർത്ഥികൾ താഴെ വലിച്ചിറക്കി പിച്ചിച്ചീന്തി കുഴിച്ചിട്ടു എന്നു കേൾക്കുന്നതു ശരിയാണോ;

(ബി) ഇതിനെപ്പറ്റി പ്രിൻസിപ്പാളിന്റെ റിപ്പോർട്ടു ഗവൺമെണ്ടിലേക്കു കിട്ടിയുണ്ടായോ;

(സി) കൊച്ചിയുടെ ദേശീയ പതാകയെ അപമാനിച്ചവരുടെ പേരിൽ വല്ല നടപടിയും നടത്തുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (ബി) (സി) ഈ സംഭവങ്ങളും മറ്റും അന്വേഷണത്തിലിരിക്കുന്നതുകൊണ്ടു് ഇതിനെപ്പറ്റി ഇപ്പോൾ പ്രതിപാദിക്കുന്നതു ശരിയല്ല.

മിസ്സിസ്സ് കെ. എം. ജോർ മേനോൻ: പോലീസ് അന്വേഷണം എന്നേയ്ക്കുകഴിയും?

റാവുബഹദൂർ. ടി. കെ. നായർ: കൃത്യമായി പറയുവാൻ സാദ്ധ്യമല്ല, വളരെവേഗത്തിൽ കഴിയ്ക്കും.

മിസ്സിസ്സ് കെ. എം. ജോർ. മേനോൻ: ഇതു സ്റ്റുഡൻസിന്റെ കാര്യമായതുകൊണ്ടു് താമസംവന്നാൽ വലിയവിക്ഷോഭമാകും. അതുകൊണ്ടു ചോദിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly